# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

**MJSSA HEAD QUARTERS,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150


CIRCULAR NO.M/C/11/2025

**Date : 10.07.2025**

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,

എം.ജെ.എസ്.എസ്.എ. കലോത്സവനടത്തിപ്പിന്റെ ഭാഗമായി കലോത്സവത്തിൽ വിധികർത്താക്കളായി പോകുന്ന അദ്ധ്യാപകർക്കായി 07.06.2025 ശനിയാഴ്ച കേന്ദ്രഓഫീസിൽ വച്ച് നടത്തപ്പെട്ട ജഡ്ജസ് പരിശീലന ശില്പശാലയിൽ പങ്കെടുത്ത അദ്ധ്യാപകർ ഉന്നയിച്ച ചില പ്രധാന സംശയങ്ങൾക്ക് കലോത്സവകമ്മിറ്റിയും കേന്ദ്രകമ്മറ്റിയും ചർച്ച ചെയ്ത് നൽകിയ പൊതു നിർദ്ദേശങ്ങൾ എല്ലാവരുടേയും അറിവിലേക്കും അനന്തരനടപടികൾക്കുമായി അറിയിക്കുന്നു.

1. നിലവിലുള്ള സാഹചര്യത്തിൽ വിവിധ മത്സരങ്ങൾ നടത്തുന്നതിന് സ്റ്റേജുകൾക്കുള്ള സ്ഥലപരിമിതി കണക്കിലെടുത്ത് മത്സരാർത്ഥികൾക്ക് മത്സരത്തിന് മൈക്ക് അനുവദിക്കുന്നതല്ല.

2. മത്സരാർത്ഥികൾ ബുക്ക് നോക്കി ഗീതങ്ങൾ പാടുന്നത് അനുവദനീയമല്ല.

3. ഗ്രൂപ്പ് സോംഗ് മത്സരങ്ങൾക്ക് മത്സരാർത്ഥികൾ പാട്ടുകൾ പാടുന്നതിനുമുമ്പ് സ്ലീബ വരക്കുന്നത്, വണങ്ങുന്നത്, ഈ ഗീതമാണ് പാടുന്നത്, ഒരേ തരത്തിലുള്ള വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് - ഇവയൊന്നും പ്രത്യേകം മാർക്കിന് പരിഗണിക്കുന്നതല്ല.

4. ആരാധനാ ഗീതങ്ങൾ - നിറത്തിൽ പാടേണ്ട പാട്ടുകൾ നിർബന്ധമായും നിറത്തിലും അല്ലാത്തവ എം.ജെ.എസ്.എസ്.എ. ഔദ്യോഗികമായി നൽകിയിട്ടുള്ള വോക്കൽ (2 ട്യൂണുകൾ) മാത്രമേ അനുവദിക്കുകയുള്ളൂ. മറ്റ് രീതിയിലുള്ള പാട്ടുകളും പരിഗണിക്കുന്നതല്ല. ഇതോടൊപ്പം 2 ട്യൂണുകളും ഉള്ള വോക്കൽ ലിങ്ക് അയക്കുന്നു.

5. പ്രസംഗമത്സരങ്ങളിൽ ഉപയോഗിക്കുന്ന ബൈബിൾ വാക്യങ്ങൾ നിർബന്ധമായും വി. ഗ്രന്ഥത്തിൽനിന്ന് ഉള്ളതായിരിക്കണം. ഇടയ്ക്ക് പാട്ടുകൾ പാടുന്നത് മാർക്കിനെ സ്വാധീനിക്കില്ല.

6. മത്സരാർത്ഥി വി. ഗ്രന്ഥം കൈയിൽ പിടിച്ച് പ്രസംഗം അവതരിപ്പിക്കുന്നതിന് പ്രത്യേക മാർക്കിന് അർഹതയുണ്ടായിരിക്കുന്നതല്ല.

7. സംഗീത മത്സരത്തിന് - ക്ലാസിക്കൽ സംഗീതം, അനുവദിക്കുന്നില്ല. പരി.സഭയുടെ വിശ്വാസത്തിൽ ഊന്നി ഉള്ളതായിരിക്കണം തിരഞ്ഞെടുക്കേണ്ട ഗീതങ്ങൾ. ഈശോ, അൾത്താര തുടങ്ങിയ തരത്തിലുള്ള വാക്കുകൾ വരുന്ന പാട്ടുകൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല.

8. തങ്കവാക്യമത്സരത്തിൽ ഒരു വാക്യത്തിന് ഭാഗികമായി മാർക്ക് അനുവദിക്കുന്നതല്ല. തെറ്റ് വരുത്തുന്ന ഉത്തരങ്ങൾക്ക് മുഴുവൻ മാർക്ക് നഷ്ടപ്പെടുന്നതാണ്. എന്നാൽ 2 വാക്കുകൾ പൂരിപ്പിക്കേണ്ട സീനിയർ വിഭാഗത്തിന് ഒരു വാക്ക് ശരിയുത്തരം എഴുതിയാൽ അതിന് ഒരു മാർക്ക് നൽകേണ്ടതാണ്.

9. വിധികർത്താക്കൾ ചേർന്നിരുന്ന് ജഡ്ജ്മെന്റ് നടത്തുവാൻ അനുവദിക്കേണ്ടതില്ല. മൂന്ന് ഇടങ്ങളിലായി സൗകര്യം ചെയ്ത് നൽകേണ്ടതാണ്.

10. MJSSA കലോത്സവ മാനുവൽ അനുസരിച്ച് ഓരോ മത്സരത്തിനും നിശ്ചയിച്ചിരിക്കുന്ന വാല്യൂ പോയിന്റ് പ്രകാരം ഇനം തിരിച്ച് മാർക്ക് നൽകി, അവ എല്ലാം ചേർത്ത് 100 ൽ മൊത്തം മാർക്ക് നിജപ്പെടുത്തി നൽകേണ്ടതാണ്.

11. ജഡ്ജസ് ശില്പശാലയിൽ പങ്കെടുത്ത് പരിശീലനം നേടിയ അദ്ധ്യാപകർ ലഭ്യമല്ലാത്ത പക്ഷം മറ്റ് അദ്ധ്യാപകരെ വിധി കർത്താക്കളായി പരിഗണിക്കാവുന്നതാണ്.

12. ബൈബിൾ ടെസ്റ്റ് മത്സരം നടത്തുന്നതിനുള്ള വി. ഗ്രന്ഥം ഭാരവാഹികൾ തന്നെ ക്രമീകരിച്ച് നൽകേണ്ടതും, നിർബന്ധമായും മത്സരത്തിനായി ഡെസ്ക് ക്രമീകരിക്കേണ്ടതുമാണ്.

13. ബൈബിൾ ടെസ്റ്റ് മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ ഓരോ ചോദ്യവും ചോദിക്കുന്നതിനുമുമ്പ് വി. ഗ്രന്ഥം പൂർണ്ണമായും അടച്ചിരിക്കേണ്ടതാണ്.(പുറംചട്ട ഉൾപ്പടെ)

14. ബൈബിൾ ക്വിസ്, തങ്കവാക്യം, ബൈബിൾ ടെസ്റ്റ് എന്നീ മത്സരങ്ങൾക്ക് ടൈ വന്നാൽ മേൽതട്ടിലേക്ക് അയക്കുന്നതിനുള്ള സെലക്ഷന് മാത്രം ടൈ ബ്രേക്ക് ചെയ്യേണ്ടതാണ്. 1, 2, 3 സ്ഥാനങ്ങളിൽ ടൈ വന്നാൽ അതാത് സ്ഥാനം ലഭിച്ച സൺഡേസ്കൂളുകൾക്ക് അർഹതപ്പെട്ട പോയിന്റ് നൽകേണ്ടതുമാണ്.

15. ജഡ്ജസ്, മത്സരാർത്ഥികളുമായും അവരുടെ മാതാപിതാക്കളുമായും യാതൊരുവിധ ആശയവിനിമയവും നടത്താൻ പാടില്ല.

16. സമയപരിധിക്കുശേഷവും മത്സരാർത്ഥി മത്സരം തുടരുകയാണെങ്കിൽ അത് അയോഗ്യതയായി കണക്കാക്കേണ്ടതില്ല. നിശ്ചിതസമയത്തിനുള്ളിൽ അവതരിപ്പിച്ച പ്രകടനം മാത്രം വിലയിരുത്തിയാൽ മതി.

17. വിധികർത്താക്കൾക്ക് മത്സരസമയത്ത് ഫോൺ ഉപയോഗം അനുവദനീയമല്ല. മത്സരം നടക്കുന്ന സമയം വിധികർത്താക്കളുമായി ഫോണിലോ നേരിട്ടോ മറ്റുള്ളവർ സംസാരിക്കുവാൻ പാടുള്ളതല്ല.(അത്യാവശ്യമെങ്കിൽ, മത്സരാർത്ഥിയുടെ അവതരണം കഴിഞ്ഞ് മാത്രം)

18. മത്സരവുമായി ബന്ധപ്പെട്ട ജനറൽ സെക്രട്ടറിയുടെ 7/2025 സർക്കുലറും കലോത്സവ മാനുവലും കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

19. കലോത്സവത്തിൽ മൽസരവിജയികൾക്കും ഗ്രേഡ് നേടുന്നവർക്കും 2024 മുതൽ പോയിന്റുകൾ നൽകുന്നത് ശ്രദ്ധിക്കുമല്ലോ.

| | | | |
|---|---|---|---|
| **ഒന്നാം സ്ഥാനം** | **5 പോയിന്റ്** | **എ ഗ്രേഡ്** | **3 പോയിന്റ്** |
| **രണ്ടാം സ്ഥാനം** | **3 പോയിന്റ്** | **ബി ഗ്രേഡ്** | **2 പോയിന്റ്** |
| **മൂന്നാം സ്ഥാനം** | **1 പോയിന്റ്** | **സി ഗ്രേഡ്** | **1 പോയിന്റ്** |

20. മത്സരം നടക്കുന്ന സമയത്ത് ഫോട്ടോ എടുക്കുന്നതും വീഡിയോ പകർത്തുന്നതും ഫോണിൽ റെക്കോഡ് ചെയ്യുന്നതും അനുവദിക്കാവുന്നതല്ല.

21. ബൈബിൾക്വിസ് മത്സരത്തിൽ സഭാ ചരിത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങളിൽ തർക്കങ്ങൾ ഉണ്ടായാൽ റഫറൻസ് ഗ്രന്ഥത്തിനെ അടിസ്ഥാനപ്പെടുത്തി തീരുമാനം എടുക്കേണ്ടതാണ്.

22. മത്സരശേഷം സമാപന സമ്മേളനങ്ങളിൽ വിധികർത്താക്കളെ ഉപയോഗിച്ച് മത്സരം വിശകലനം നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

കർത്താവിൽ എളിയ ശുശ്രൂഷകൻ,

**പി.വി. ഏലിയാസ്**
ജനറൽ സെക്രട്ടറി
ഫോൺ: 9446138868, 9526870749